(ബി) ഉണ്ട്.

(സി) എല്ലാ വകുപ്പുകളും നിശ്ചിത ശതമാനം ഒഴിവുകൾ സി.ഇ. സെല്ലിൽ റിപ്പോർട്ട് ചെയ്യാറുണ്ട്.

മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

12 (4447) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരിൽ ആരൊക്കെയാണ് സംസ്ഥാന സർവ്വീസിൽ നിന്നുള്ളത് ;

(ബി) സർവ്വീസിൽ നിന്നും പിരിഞ്ഞവർ പ്രൈവറ്റ് സെക്രട്ടറിമാരായി തുടരുന്നുണ്ടോ ;

(സി) എങ്കിൽ എത്ര പേരാണ് ;

(ഡി) ഇവർ ആരെല്ലാമാണ് ;

(ഇ) സർവ്വീസിലിരിക്കെ വിജിലൻസ് കേസിൽ പ്രതിയായിട്ടുള്ള ആരെങ്കിലും ഏതെങ്കിലും മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിക്കപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആരാണ് ;

(ജി) ഏത് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ് എന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇദ്ദേഹത്തിന്റെ പേരിലുള്ള വിജിലൻസ് കേസ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഐ) നിലവിൽ കേസ് തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ജെ) വിജിലൻസ് കേസിൽ പ്രതിയായിട്ടുള്ള ആൾ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി തുടരുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

1. ശ്രീ. കെ. വി. ഭാസ്ക്കരൻ, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (മത്സ്യബന്ധനവും, ടൂറിസവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
2. ശ്രീ. പി. കെ. വിദ്യാസാഗർ, ജോയിന്റ് സെക്രട്ടറി, സെക്രട്ടേറിയറ്റ് (ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
3. ശ്രീ. എ. അബ്ബാസ്, സെക്ഷൻ ഓഫീസർ, സെക്രട്ടേറിയറ്റ് (വ്യവസായ, സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. പി. ബി. ഷൗക്കത്തലി, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ് (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
5. ശ്രീ. എ. ജി. അനിലാൽ, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
6. ശ്രീ. വി. എം. വിജയരാഘവമേനോൻ, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
7. ശ്രീ. വി. രാജു, അഡീഷണൽ ഡയറക്ടർ, മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
8. ശ്രീ. എ. കുഞ്ഞഹമ്മദ്
അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (മരാമത്ത് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

(ബി) ഉണ്ട്.

(സി) 12 പേർ. ഉണ്ട്.

(ഡി) 1. ശ്രീ. റ്റി. എൻ. ഹരിഹര സുബ്രഹ്മണ്യ അയ്യർ, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
2. ശ്രീ. കെ. അപ്പു, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
3. ശ്രീ. എം. ആർ. തമ്പാൻ, ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
4. ശ്രീ. സി. കെ. സത്യവത്സലൻ, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
5. ശ്രീ. ഒ. കെ. രവി, ജോയിന്റ് സെക്രട്ടറി, സെക്രട്ടേറിയറ്റ് (വനവും സ്പോർട്സും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
6. ശ്രീ. വി. പി. അബ്ദുൾ റസാക്ക്, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
7. ശ്രീ. എം. നാരായണപിള്ള, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ് (റവന്യൂവും നിയമവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
8. ശ്രീ. പി. എം. പരീത് ബാവാ ഖാൻ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ഗ്രാമവികസന വകുപ്പ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. കെ. രാമചന്ദ്രക്കുറുപ്പ്, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (ഗതാഗത വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

10. ശ്രീ. കോര പി. തോമസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

11. ശ്രീമതി. കെ. വിജയലക്ഷ്മി, അഡീഷണൽ സെക്രട്ടറി, സെക്രട്ടേറിയറ്റ് (കൃഷിയും കയറും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

12. ശ്രീ. ഡി. കൃഷ്ണൻ നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ് (സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)

(ഇ) ഇല്ല.

(എഫ്-ജെ) ചോദ്യം ഉദിക്കുന്നില്ല.

സെക്രട്ടേറിയറ്റിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

13 (4448) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിന് മറ്റുജില്ലകളിൽ ബ്രാഞ്ചുകളില്ലെന്ന കാരണത്താൽ ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ചവരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് മുൻഗണന ഉണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലേക്കാണെന്ന് വിശദീകരിക്കാമോ ;

(ഡി) പി.എസ്.സി.യുടെ ജില്ലാ ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ച സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് എത്ര ശതമാനം ഒഴിവുകൾ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ചവർക്ക് എല്ലാ വകുപ്പുകളിലേക്കും അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് സത്വരനടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സെക്രട്ടേറിയറ്റിൽ നിയമനം ലഭിച്ചശേഷം ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly